**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1310** **01-02-2024 - ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2023-24 ബജറ്റിൽ ഉൾപ്പെട്ട ഉപ്പള ഫയർ സ്റ്റേഷൻ, സീതങ്ങോലി ഐ .ടി .ഐ . കെട്ടിട നിർമ്മാണം നിലവിൽ നിർവ്വഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | 1. ഉപ്പള ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം.<br><br>ഉപ്പള ഫയർ സ്റ്റേഷൻ കെട്ടിടനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്ന 90 സെന്റ് സ്ഥലം തടസ്സരഹിതമായി 29/12/2023 തീയതിയിലെ ജോയിന്റ് ഇൻസ്പെക്ഷൻ പ്രകാരം അളന്ന് തിട്ടപ്പെടുത്തി വില്ലേജ് സ്കെച്ച് 20/01/2024 തീയതിയിൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 2023-24 ബഡ്ജറ്റ് അനുബന്ധം II വാല്യം 11 ൽ 2827 ക്രമനമ്പർ പ്രകാരം 30 ലക്ഷം രൂപ ഉൾപ്പെട്ടിട്ടുണ്ട്. ടി പ്രൊപ്പോസലിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ആർക്കിടെക്ചറൽ പ്ലാൻ തയ്യാറാക്കിവരുകയാണ്.<br>2. ഐ.ടി .ഐ സീതങ്ങോലി കെട്ടിട നിർമ്മാണം<br><br>ഗവൺമെന്റ് ഐ.ടി .ഐ സീതങ്ങോലി നിർമ്മിക്കുന്നതിനായി 2023-24- വർഷത്തെ ബജറ്റ് വിഹിതത്തിൽ പ്രഖ്യാപിച്ച ഒരു കോടി രൂപ അടങ്കൽ തുകയായി നിജപ്പെടുത്തിക്കൊണ്ട് ഐ.ടി.ഐ അധികൃതരുടെ നിർദ്ദേശപ്രകാരം രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ആയത് പ്രകാരം കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ഭരണാനുമതി ലഭിക്കാൻ വൈകുന്നത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഉപ്പള ഫയർസ്റ്റേഷൻ നിർമ്മാണ സ്ഥലത്തിന്റെ അതിർത്തി നിർണ്ണയം ചെയ്ത സ്കെച്ചും പ്ലാനും വില്ലേജ് ഓഫീസിൽ നിന്ന് 20/01/2024 തീയതിയിലാണ് ലഭിച്ചത്. ആയത് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.<br>ബഡ്ജറ്റിൽ ഉൾപ്പെട്ട പ്രകാരം ഐ.ടി .ഐ സീതങ്ങോലിയ്ക്ക് നിലവിലെ കെട്ടിടത്തിന്റെ മുകളിൽ ഫസ്റ്റ് ഫ്ലോർ നിർമ്മിക്കുന്നതിനായി രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കി വരികയായിരുന്നു. എന്നാൽ ടി നിർമ്മാണത്തിന് KDP ഫണ്ട് ലഭ്യമായി തുടർന്ന് ബഡ്ജറ്റ് പ്രവൃത്തിയ്ക്കായി ഭരണാനുമതി ലഭിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | പുതിയ സ്ഥലം കണ്ടെത്തുകയും ആയതിന് ഐ.ടി .ഐ അധികൃതരുടെ നിർദ്ദേശ പ്രകാരം രൂപരേഖ തയ്യാറാക്കി വരികയാണ്.<br><br>നിലവിൽ രണ്ട് പദ്ധതികൾക്കും ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റും രൂപരേഖയും പൊതുമരാമത്ത് കെട്ടിട വിഭാഗം തയ്യാറാക്കി വരുന്നു. |
| (സി) | ടി പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ? | (സി) | **പ്രവൃത്തികളുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ടെണ്ടർ ചെയ്ത് ആരംഭിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് കെട്ടിട വിഭാഗം സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ